ശ്രീ: പി. കെ. കുഞ്ഞച്ചൻ: കുട്ടനാട്ടിലുള്ള പുഞ്ചകൃഷിക്കാരെ കൂടാതെ, പെരുവാലിച്ചാല്, കരിഞ്ഞാലിച്ചാല്, കവിയൂർ പുഞ്ച എന്നീസ്ഥലങ്ങളിലുള്ള കൃഷിക്കാർക്കും വെള്ളപ്പൊക്കം നിമിത്തം കൃഷിനാശം വന്നിട്ടുള്ളതുകൊണ്ട് അവർക്കും ഈ ആനുകൂല്യം നൽകുമോ?

ശ്രീ. ഇ. പി. പൗലോസ്: ഇപ്പോൾ ഈ ആനുകൂല്യം മററു പ്രദേശങ്ങളിലേക്കുകൂടി വ്യാപിപ്പിക്കണമെന്ന് ഗവമെണ്ട് ഉദ്ദേശിക്കുന്നില്ല.

ശ്രീ. എം. പി. ഗോവിന്ദൻ നായർ: കൃഷിക്കാർക്ക് രണ്ടാമതു വിത്തു വാങ്ങുന്നതിനും മററുമായി അനുവദിച്ചിട്ടുള്ള ഈ സംഖ്യ പല സാങ്കേതിക കാരണങ്ങൾ പറഞ്ഞു് പലർക്കും കൊടുക്കാതെയിരിക്കുകയാണ്. അങ്ങനെയുള്ള കേസുകൾ അന്വേഷിച്ച് അനുവദിച്ചിട്ടുള്ള സംഖ്യ കൊടുക്കുന്നതിന് നിർദ്ദേശം നൽകുമോ?

ശ്രീ. ഇ. പി. പൗലോസ്: സാങ്കേതികമായിട്ടുള്ള കാരണങ്ങൾ കൊണ്ട് ഈ സംഖ്യ കൊടുക്കാതെയിരിക്കണമെന്നില്ല. ന്യായമായിട്ടുള്ള മററു വല്ല കാരണങ്ങളുംകൊണ്ട് കൊടുക്കാതെയിരിക്കാം. തിരിച്ചടക്കാൻ ബുദ്ധിമുള്ള കേസുകളിൽ കൊടുക്കുകയില്ല. നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് തക്കതായ കാരണങ്ങൾ ഇല്ലാതെ കൊടുക്കാതെയിരിക്കുകയാണെങ്കിൽ അതിനെപ്പററി അന്വേഷിക്കാം.

**Mr. Speaker:** I would remind hon. Members of the provision that the supplementary questions should not be argumentative and should not be representative in character. As far as possible the questions may not be argumentative and in the nature of representation.

ശ്രീ. കെ. കൊച്ചുകുട്ടൻ: കുട്ടനാടൻ പ്രദേശങ്ങളിൽ കൃഷിനാശങ്ങൾ ഉണ്ടായിട്ടുണ്ട് എന്നു് 'ബി' യുടെ ഉത്തരത്തിൽ പറയുന്നു. കുട്ടനാടൻ പ്രദേശങ്ങളിൽ മാത്രമല്ല തൃശ്ശൂർ പടിഞ്ഞാറുഭാഗത്തുള്ള കോൾനിലങ്ങളിലും മടവീണു കൃഷി നശിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. പി. പൗലോസ്: ഇപ്പോൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: കണ്ണൂരിൽ കണ്ണമംഗലം എന്നസ്ഥലത്തു് കാട്ടാനയുടെ ശല്യം കൊണ്ട് വിപുലമായ തോതിൽ കൃഷിനഷ്ടം വന്നിട്ടുണ്ട് എന്നുള്ള കാര്യം ഗവമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അവർക്ക് നഷ്ടപരിഹാരം കിട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. പി. പൗലോസ്: പല സ്ഥലങ്ങളിലും കാട്ടാനയുടെ ശല്യംകൊണ്ട് നാശങ്ങൾ ഉണ്ടായിട്ടുണ്ട്. ആവശ്യമുള്ള അവസരങ്ങളിൽ കാട്ടാനയെ വെടിവെച്ചു കൊല്ലുന്നതിന് ഏർപ്പാടുകൾ ഉണ്ട്.

### ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിലെ പ്രമോഷനുകൾ

*1608 [18] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യ കക്ഷി ഗവമെണ്ട് അധികാരത്തിൽ വന്നതിന്റെ ശേഷം, ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ നടത്തിയിട്ടുള്ള പ്രമോഷനുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly